ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യമായ രേഖകൾ സഹിതം സി.സി.എച്ച്-ന് അയയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) ഉണ്ട്.

(ഡി) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്-നെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (സി.സി.എച്ച്.)-യുടെ സെക്കന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതോടെ ഉദ്യോഗാർത്ഥികൾക്കുള്ള ആശങ്കകൾ പരിഹരിക്കപ്പെടും.

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി

95 (787) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

ഗൈനക്കോളജി യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻ/സിവിൽ സർജൻ ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് പട്ടിക തയ്യാറാക്കി സീനിയോറിറ്റി ക്രമത്തിൽമാത്രമേ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-ന്റെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം

96 (788) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഇല്ലായെന്ന് പറയാമോ ;

(ബി) ലാബ് സൗകര്യമില്ലാത്ത പി.എച്ച്.സി-കളിൽ ലബോറട്ടറികൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly